**മാർത്തോമ്മാ യുവജനസഖ്യം**

# യുവജന ഞായർ

## 2017 ഒക്ടോബർ 15

# ആരാധനക്രമം

*(മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരത്തോടെ)*

പരസ്യാരാധനക്രമവുമായി ചേർന്ന് ഈ ക്രമം ഉപയോഗിക്കണം.

**ആരാധനാഹ്വാനം**

*'യഹോവയെ സ്തുതിപ്പീൻ; യഹോവയ്ക്ക് സ്തോത്രം ചെയ്‌വീൻ; അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത് '. (സങ്കീ. 106 : 1)*

**പാട്ട്**

**കൗമാ**

**അപേക്ഷ** - ദൈവമായ കർത്താവേ. . . . (പരസ്യാരാധനക്രമം പുറം 4)

**പ്രാരംഭ പ്രാർത്ഥന**

**ലീഡർ** : പിതാവായ ദൈവമേ നിന്റെ ജനത്തിന്റെ കഷ്ടതയുടെ നടുവിൽ നീ അവരുടെ നിലവിളികേട്ട്, കഷ്ടതകണ്ട്, ഇറങ്ങിവന്ന നിന്റെ കരുണയ്ക്കായി നിനക്കു സ്തുതി; നിനക്കു സ്തോത്രം. പുത്രനായ ക്രിസ്തുവേ, നിന്റെ അടുക്കലെത്തിയ കുഷ്ഠരോഗിയേയും പാപിനിയായ സ്ത്രീയേയും വിജാതീയരേയും കുട്ടികളേയും യൗവനക്കാരേയും നിന്റെ കരുണയുടെ കരവലയത്തിൽ നീ ചേർത്തു നിർത്തിയ നിന്റെ അനന്ത സ്നേഹത്തിനായി നിനക്കു സ്തുതി; നിനക്കു സ്തോത്രം. പരിശുദ്ധാത്മാവാം ദൈവമേ കരുണയില്ലാത്ത ലോകത്ത് നീതിയുടേയും സമാധാനത്തിന്റേയും കരുണയുടേയും വാഹകരാകാൻ ഞങ്ങളെ എന്നും ധൈര്യപ്പെടുത്തുന്ന നിന്റെ നിത്യസാന്നിധ്യത്തിനായി നിനക്കു സ്തുതി; നിനക്കു സ്തോത്രം. ത്രീയേക ദൈവത്തിലുള്ള വിശ്വാസത്തിൽ അടിയുറച്ച്, ധൈര്യവും മനക്കരുത്തുമുള്ളവരായി ഞങ്ങൾ ചെയ്യുന്നതെല്ലാം ക്രിസ്തുവിന്റെ കാരുണ്യത്തോടെ ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. ആയതു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടേയും തിരുനാമത്തിൽ തന്നെ....

**ജനം** : ആമേൻ.

**അനുതാപ പ്രാർത്ഥന**

"തന്റെ പാപത്തിനു മനുഷ്യൻ ശിക്ഷിക്കപ്പെടുമ്പോൾ അവൻ എന്തിനു പരാതിപ്പെടുന്നു ? നമുക്ക് നമ്മുടെ വഴികളെ സൂക്ഷമമായി പരിശോധിച്ച് സർവേശ്വരന്റെ അടുക്കലേക്കുതിരിയാം" (വിലാ. 3: 39,40). തുടർന്നുള്ള (ഓരോ പ്രാർത്ഥനയ്ക്കും ശേഷം *ദൈവമേ സ്നേഹരൂപനേ*

*എന്നെ നീ തള്ളീടല്ലേ*
*സന്താപത്താൽ വിളിക്കുന്നേൻ*
*ദോഷിയെ രക്ഷിക്കണേ....* എന്ന് പ്രതിഗാനമായി പാടണം)

നിലവിളിക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾ, നേഴ്സുമാർ എന്നിവർക്കായി പ്രാർത്ഥിക്കാം...

**ജനം** : *കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.*

**ലീഡർ** : "പരദേശിക്കും വിധവയ്ക്കും, അനാഥനും ഇടം നിഷേധിക്കരുത്". തങ്ങളുടെ സ്വന്തദേശം വിട്ട് പ്രയാണം ചെയ്യുന്ന ലോകമെങ്ങുമുള്ള അഭയാർത്ഥികൾക്കായി പ്രാർത്ഥിക്കാം..

**ജനം** : *കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.*

**ലീഡർ** : ക്രിസ്തുവിന്റെ കരുണയുടെ ദർശനത്തിൽ മാർത്തോമ്മാ യുവജന സഖ്യത്തെ നയിക്കുന്ന അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി, അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി, അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി, സഭയിലെ മറ്റ് തിരുമേനിമാർ, പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, ആത്മായ നേതാക്കൾ എന്നിവർക്കായി പ്രാർത്ഥിക്കാം.

**ജനം** : *കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.*

**ലീഡർ** : കരുണ വറ്റുന്ന ലോകത്ത്, കരുണയുടെ നീർച്ചാലുകളാകാൻ യുവജനങ്ങളെ വചനാധിഷ്ഠിതമായി ഒരുക്കുന്ന സഖ്യം പ്രസിഡന്റ് അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനി, ജനറൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറിമാർ, ആഫീസ് പ്രവർത്തകർ, കേന്ദ്ര, ഭദ്രാസന, സെന്റർ, ശാഖാ ചുമതലക്കാർ കമ്മിറ്റി അംഗങ്ങൾ എന്നിവർക്കായി പ്രാർത്ഥിക്കാം.

**ജനം** : *കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.*

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

ദൈവമേ, ആവശ്യക്കാരനെ അയൽക്കാരനാക്കുവാനും ദിശ അറിയാത്തവർക്ക് വഴികാട്ടിയാകുവാനും ഏകാകിക്ക് കൂട്ടാകുവാനും കരുണയുടെ ഓരോ നീർച്ചാലുകളാകുവാനും കരുണതേടുന്നവർക്ക് കാവലാകുവാനും അശരണർക്ക് കരുതലിന്റെ കരങ്ങളാകുവാനും ഞങ്ങളെ സമർപ്പിക്കുന്നു. *ആമേൻ.*

*മാറിടാത്ത യേശുനാഥൻ*
*മാറ്റും നിന്റെ വേദന*
*പാപത്താലും രോഗത്താലും*
*കലങ്ങിടേണ്ടാ കടന്നുവാ...*
*കടന്നുവാ... കടന്നുവാ... യേശു നിന്നെ വിളിക്കുന്നു.*

**ത്രിത്വത്തിനു സ്തുതി**. . . . . . (പരസ്യാരാധന ക്രമം പുറം 17)

**ഞങ്ങളുടെ കർത്താവായ ( മോറാൻ) യേശു**. . . (പരസ്യാരാധന ക്രമം പുറം 21)

**പാഠം വായന**

1. **ഉല്പത്തി 41 : 37-43**
2. **ഫിലിപ്യർ 3 : 1-16**

**ലീഡർ** : മറ്റുള്ളവരുടെ കുറവുകളിൽ ചിരിക്കുന്നവർക്ക് അയ്യോ കഷ്ടം. സമസൃഷ്ടികളുടെ വീഴ്ച്ച, തോൽവി, ശാരീരിക പ്രത്യേകതകൾ ഇവയെ പരിഹാസവിഷയമാക്കി സമൂഹമാധ്യമങ്ങളിൽ ആഘോഷിക്കുന്ന ഞങ്ങളുടെ കരുണയില്ലാത്ത മനോഭാവത്തെ ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ.

**ജനം** : *ദൈവമേ സ്നേഹരൂപനേ............*

**ലീഡർ** : ആരാധനാലയങ്ങൾ പകയുടേയും, വിദ്വേഷത്തിന്റെയും ഗ്രൂപ്പുകളുടേയും ഇടങ്ങളായി ചുരുങ്ങുന്നു, വിശ്വാസചിഹ്നങ്ങൾ വർഗ്ഗീയ അടയാളങ്ങൾ ആകുന്നു. ക്രൂശിനെ വെറുമൊരു മതചിഹ്നമാക്കി അതിലെ ത്യാഗവും വിശാലദർശനവും മറന്നുകളയുന്ന കുറവിനെ ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ.......

**ജനം** : *ദൈവമേ സ്നേഹരൂപനേ...........*

**ലീഡർ** : വിനോദങ്ങളിൽ വിഷം കലർത്തി യുവതലമുറയെ തകർക്കുന്ന ആധുനീക ഗെയിമുകളിലും വിവേചനമില്ലാത്ത ഫോൺ ഉപയോഗത്തിലും ആസക്തരായി ദൈവവചനത്തിന്റെ വായനയും ധ്യാനവും പ്രാർത്ഥനയും അവഗണിക്കുന്ന കുറവിനെ ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ..

**ജനം** : *ദൈവമേ സ്നേഹരൂപനേ...........*

**ലീഡർ** : അഞ്ചപ്പവും രണ്ടു മീനും ആഹാരത്തിലെ തൃപ്തിയുടെ സന്ദേശമായി തിരിച്ചറിയാതെ, ആഹാരത്തിലെ ധാരാളിത്തം ആഘോഷമാക്കുന്ന കരുണയില്ലാത്ത മനോഭാവത്തെ ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ..

**ജനം** : *ദൈവമേ സ്നേഹരൂപനേ...........*

**ലീഡർ** : സഖ്യം കൂടിവരവുകൾ ക്രിസ്തുബന്ധത്തിലെ അനുഭവങ്ങളാക്കാതെ, വെറും പരിപാടികളാക്കി, ക്രിസ്തു സാന്നിധ്യം അനുഭവിക്കാതെ പോകുന്ന കുറവിനെ ദൈവമേ ഞങ്ങളോടു ക്ഷമിക്കേണമേ..

**ജനം** : *ദൈവമേ സ്നേഹരൂപനേ...........*

**മാർ ബാലായുടെ അപേക്ഷ.** (പരസ്യാരാധനക്രമം പുറം 10)

**ഹാലേലുയ്യാ. . . ഹാലേലുയ്യാ. . . ഹാലേലുയ്യാ** (പരസ്യാരാധനക്രമം പുറം 11)

**കന്യകമറിയാമിന്റെ പാട്ട്** (പരസ്യാരാധനക്രമം പുറം 11)

**സ്തോത്രപ്രാർത്ഥന**

"എപ്പോഴും സന്തോഷിക്കുക ഇടവിടാതെ പ്രാർത്ഥിക്കുക, എല്ലാ പരിതഃസ്ഥിതികളിലും ദൈവത്തോടു നന്ദിയുള്ളവരായിരിക്കുക. ഇതാണ് ക്രിസ്തുയേശുവിനോട് ഏകീഭവിച്ച നിങ്ങളുടെ ജീവിതത്തിൽ നിന്നും ദൈവം ആഗ്രഹിക്കുന്നത് " (1 തെസ്സ. 5:16-18) (ഓരോ പ്രാർത്ഥനയ്ക്കും ശേഷം

*യേശുവേ നാഥാ അങ്ങയെ ഞാൻ*
*ആരാധിക്കുന്നു സ്തുതിക്കുന്നു*
*ജീവനുമെന്റെ സർവ്വസ്വവും -നിൻ*
*മുമ്പിലണച്ചു കുമ്പിടുന്നു* എന്ന് പ്രതിഗാനമായി പാടണം)

**ലീഡർ** : ഉന്നതത്തിലെ രാജാവ് തന്റെ സർവ്വ സൈന്യങ്ങളുമായി വെളിപ്പെടുമ്പോൾ, കൊല്ലപ്പെട്ട ആ കുഞ്ഞാടിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടിട്ടുള്ള എല്ലാവരും തന്റെ മുമ്പാകെ മുഖപ്രസാദത്തോടു നിൽക്കുമെന്ന ഉറപ്പിനായി...

**ജനം** : *യേശുവേ നാഥാ അങ്ങയെ ഞാൻ........*

**ലീഡർ** : ഞങ്ങളുടെ ഇന്നുകളാണ്, ഞങ്ങളുടെ നാളെകളെ തീരുമാനിക്കുന്നത് എന്ന ബോധ്യത്തിൽ, ഇതാകുന്നു രക്ഷാ ദിവസം, ഇതാകുന്നു സുപ്രസാദകാലം എന്ന്, ഇന്ന് ഞങ്ങളെ ഓർമ്മിപ്പിക്കുന്ന ദൈവവചന പ്രഘോഷണങ്ങൾക്കായും കൗദാശിക അനുഭവങ്ങൾക്കായും ...

**ജനം** : *യേശുവേ നാഥാ അങ്ങയെ ഞാൻ.........*

**ലീഡർ** : സഭയുടെ ഭൗതീക സ്വത്തുക്കൾ നഷ്ടപ്പെട്ടപ്പോൾ തുറന്ന വേദപുസ്തകവും മരക്കുരിശും സുവിശേഷവും കൈമുതലാക്കി വിശ്വാസത്തിന്റെ പാതയിൽ ധീരമായി ഇറങ്ങിതിരിച്ച ഞങ്ങളുടെ സഭാപിതാക്കന്മാർക്കായി...

**ജനം** : *യേശുവേ നാഥാ അങ്ങയെ ഞാൻ.........*

**ലീഡർ** : ആനന്ദത്തിന്റെ തത്വശാസ്ത്രം അരങ്ങു തകർക്കുന്ന ലോകത്ത്, ക്രിസ്താനുഭവത്തിന്റെ ലാളിത്യത്തിൽ ഞങ്ങളെ നയിക്കുന്ന മാർത്തോമ്മാ യുവജനസഖ്യത്തിനായി..

**ജനം** : *യേശുവേ നാഥാ അങ്ങയെ ഞാൻ........*

**സാരാംശത്തിൽ ഏകമായിരിക്കുന്ന** (പരസ്യാരാധന ക്രമം പുറം 12)

**113, 117– മസുമൂറുകൾ** (പരസ്യാരാധന ക്രമം പുറം 16)

**മദ്ധ്യസ്ഥ പ്രാർത്ഥന**

"നിങ്ങളുടെ എല്ലാ ആവശ്യങ്ങളും കൃതജ്ഞതാ സ്തോത്രത്തോടെ പ്രാർത്ഥനയിലൂടെയും, വിനീതമായ അഭ്യർത്ഥനയിലൂടെയും ദൈവത്തെ അറിയിക്കുക, അപ്പോൾ മനുഷ്യന്റെ എല്ലാ ധാരണാശക്തിയ്ക്കും അതീതമായ ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും മനസ്സുകളേയും ക്രിസ്തുയേശുവിൽ ലയിപ്പിച്ച് ഭദ്രമായി കാത്തുകൊള്ളും" (ഫിലിപ്പിയർ 4:6,7). (ഓരോ പ്രാർത്ഥനയ്ക്കും **കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ** എന്ന് പ്രതിവാക്യമായി പറയണം.)

**ലീഡർ** : "നിലം കൊയ്യുമ്പോഴും, മുന്തിരിത്തോട്ടത്തിലെ വിളവെടുക്കുമ്പോഴും കാലാപെറുക്കരുത്, ദരിദ്രനും പരദേശിക്കുമായി അൽപ്പം ബാക്കി വച്ചിരിക്കണം". ദൈവവചനത്തിലെ ഈ കരുണയുടെ ദർശനം ഇന്ന് നഷ്ടമാകുന്നു. വലിയ വ്യാപാരസ്ഥാപനങ്ങളുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപജീവനം നഷ്ടപ്പെട്ട ചെറുകിടവ്യാപാരികൾക്കായി പ്രാർത്ഥിക്കാം'

**ജനം** : *കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.*

**ലീഡർ** : 'ഇതാ നിങ്ങളുടെ നിലം കൊയ്ത തൊഴിലാളികളെ വഞ്ചിച്ചു പിടിച്ചു വച്ച കൂലി ഉച്ചത്തിൽനിലവിളിക്കുന്നു'. ജോലിക്കു തക്ക ശമ്പളം ലഭിക്കാതെ